**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1854** **08-10-2021 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ മൃഗസംരക്ഷണ/ക്ഷീരവികസന വകുപ്പിന്റെ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ/ക്ഷീരവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ഏതൊക്കെയെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കാമോ; | (എ) | കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. I. ഐക്കരനാട് പഞ്ചായത്ത് 1. വെറ്ററിനറി ഡിസ്പെൻസറി പാങ്കോട്, 2. വെറ്ററിനറി സബ് സെന്റർ ഐക്കരനാട്, 3. വെറ്ററിനറി സബ് സെന്റർ ഏഴിപ്രം II. കിഴക്കമ്പലം പഞ്ചായത്ത് 1. വെറ്ററിനറി ഹോസ്പിറ്റൽ കിഴക്കമ്പലം III. കുന്നത്തുനാട് പഞ്ചായത്ത് 1. വെറ്ററിനറി ഡിസ്പെൻസറി പെരിങ്ങാല, 2. വെറ്ററിനറി സബ് സെന്റർ വലമ്പൂർ IV. മഴുവന്നൂർ പഞ്ചായത്ത് 1. വെറ്ററിനറി ഡിസ്പെൻസറി നെല്ലാട് 2. വെറ്ററിനറി സബ് സെന്റർ കുന്നക്കുരുടി 3. വെറ്ററിനറി സബ് സെന്റർ നെല്ലാട് V. പൂതൃക്ക പഞ്ചായത്ത് 1. വെറ്ററിനറി ഹോസ്പിറ്റൽ കോലഞ്ചേരി VI. തിരുവാണിയൂർ പഞ്ചായത്ത് 1. വെറ്ററിനറി ഡിസ്പെൻസറി വെണ്ണിക്കുളം, 2. വെറ്ററിനറി സബ് സെന്റർ തിരുവാണിയൂർ VII. വടവുകോട് - പുത്തൻകുരിശ്ശ് പഞ്ചായത്ത് 1. വെറ്ററിനറി ഹോസ്പിറ്റൽ പുത്തൻകുരിശ്ശ് VIII. വാഴക്കുളം പഞ്ചായത്ത് 1. വെറ്ററിനറി ഡിസ്പെൻസറി മഞ്ഞപ്പെട്ടി 2. വെറ്ററിനറി സബ് സെന്റർ സൗത്ത് വാഴക്കുളം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ക്ഷീര വികസന വകുപ്പിന്റെ കീഴിൽ വടവുകോട് ക്ഷീരവികസന യൂണിറ്റ് ഓഫീസ് മാത്രമാണ് പ്രവർത്തിക്കുന്നത്. |
| (ബി) | ഇതിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാമോ; | (ബി) | ഇതിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ഒന്നും തന്നെ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ഇല്ല. എന്നാൽ ക്ഷീര വികസന വകുപ്പിന് കീഴിലുള്ള വടവുകോട് ക്ഷീരവികസന യൂണിറ്റ് ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | കെട്ടിടനിർമാണം പൂർത്തീകരിച്ചിട്ടും പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കാത്ത ഓഫീസുകളുടെ വിശദാംശം അറിയിക്കുമോ? | (സി) | അത്തരം ആഫീസുകളൊന്നുംതന്നെ മൃഗസംരക്ഷണ/ ക്ഷീര വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ